(ബി) എങ്കിൽ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ബീഡി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, ബീഡിക്കുള്ള അഡീഷണൽ ടാക്സ് എടുത്തുകളയണമെന്നും, പ്രതിവർഷം 20 ലക്ഷം ബീഡി വരെ ഉല്പാദിപ്പിക്കുന്നവർക്കുള്ള എക്സൈസ് ഡ്യൂട്ടി ഒഴിവാക്കാനുള്ള നടപടിക്കു പകരം എല്ലാ ബീഡി ഉല്പാദകരേയും എക്സൈസ് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് ഡ്യൂട്ടി നൽകണമെന്നുള്ള വ്യവസ്ഥ നിലനിർത്തണമെന്നും, മിനിസിഗററ്റുകൾക്ക് നൽകുന്ന താരിഫ് പുനഃപരിശോധിക്കണമെന്നും പല തവണ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ സഹകരണമേഖലയിലെ കേന്ദ്രസ്ഥാപനമായ ദിനേശ് ബീഡി സഹകരണ സംഘത്തെ വൈവിധ്യവൽക്കരണം നടത്തി, തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

28 (*448) തെരുവുനായ്ക്കളെ നശിപ്പിക്കാൻ നടപടി

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ ശല്യം വർദ്ധിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം ഒഴിപ്പിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) ഇവയുടെ ശല്യം ഇല്ലാതാക്കുന്നതിനും പേ ബാധിച്ച നായ്ക്കളെ കണ്ടുപിടിച്ചു കൊല്ലുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ;

(ഇ) നായ്ക്കളുടെ കടിയേറ്റ് കുട്ടികൾ മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നായ് നശീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും ഇത് നവീകരിക്കാൻ ആലോചിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് പ്രാധാന്യം നൽകി കൂടുതൽ ആളുകളെ ഇതിനായി പരിശീലിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) കേരള പഞ്ചായത്തുരാജ് ആക്ട് സെക്ഷൻ 168 പ്രകാരം പുറപ്പെടുവിച്ച പട്ടിക മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് തെരുവുനായ്ക്കളെ നശിപ്പിക്കൽ. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ 20.7.99 ലെ 25398/സി1/98 പ്രകാരം തുടർനിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. വീടുകളിൽ നായ്ക്കളെ വളർത്തുന്നതിന് അവയ്ക്ക് കുത്തിവയ്പ് നടത്തിയതിനു മൃഗാശുപത്രിയിൽനിന്ന് നല്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് എടുക്കേണ്ടതും ഇവയെ പൊതുസ്ഥലങ്ങളിൽ അലയാൻ അനുവദിക്കാതെ വീട്ടിൽതന്നെ സൂക്ഷിക്കേണ്ടതാണെന്നും അലഞ്ഞുതിരിയുന്നതും ലൈസൻസില്ലാത്തതുമായ നായ്ക്കളെ നശിപ്പിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇവയെ നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള ആളെ തടസ്സം ചെയ്യുന്ന ഏതൊരാൾക്കും കുറ്റസമ്മതത്തിൻമേൽ 500/- രൂപ വരെ പിഴ ചുമത്താവുന്നതുമാണ്.

(ഡി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്താവുന്നതേയുള്ളൂ.

(ഇ) ഉണ്ട്.

(എഫ്) അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊന്നു കുഴിച്ച് മൂടുന്നതിന് ആളുകളെ നിയോഗിക്കാറുണ്ട്. നായ്ക്കളെ കൊല്ലുന്നതിനുള്ള ഇന്നത്തെ രീതി ഫലപ്രദമല്ലെന്ന് തെളിഞ്ഞതിനാൽ ഇത് ആധുനികവല്കരണത്തിനുള്ള പഠനം മൃഗസംരക്ഷണവകുപ്പും ആരോഗ്യവകുപ്പും നടത്തിവരുന്നു.

(ജി) ഇതിലേയ്ക്കായി ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപ്പോഴപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

29 (*449) അംഗൻവാടികളുടേയും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുടേയും പ്രവർത്തനം

ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ:
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളുടേയും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly